# <u>15–ാമത് സംസ്ഥാന ജി.സി.ഐ കലോത്സവം 2022–23</u>

## <u>പൊതു നിർദ്ദേശങ്ങൾ</u>

1. **ശാസ്ത്രീയ സംഗീതം** – ശാസ്ത്രീയസംഗീതത്തിന് ശ്രുതി ഉപയോഗിക്കാവുന്നതാണ്. മത്സരാർത്ഥികൾക്ക് ഇഷ്ടമുള്ള രാഗം സ്വീകരിക്കാവുന്നതാണ്.

2. **പ്രസംഗ മത്സരം** – പ്രസംഗമത്സരത്തിനുള്ള വിദ്യാർത്ഥികളെ ഒരു റൂമിൽ ഇരുത്തിയിട്ട് ഓരോരുത്തരുടെയും ക്രമനമ്പർ വിളിക്കുന്നതിന് 05 മിനിറ്റ് മുമ്പ് വിധികർത്താക്കൾ നിശ്ചയിക്കുന്ന വിഷയം അവർക്ക് നൽകിയിരിക്കണം. ക്രമനമ്പർ വിളിച്ചതിനു ശേഷം മാത്രമേ മത്സരാർത്ഥികളെ വേദിയിൽ എത്തിക്കാവൂ. പ്രസംഗ മത്സരം പൂർണ്ണമായും കഴിഞ്ഞതിനു ശേഷമേ പങ്കെടുത്ത വിദ്യാർത്ഥികൾ വേദി വിട്ടു പോകാവൂ. പ്രസംഗ മത്സര വേദിയിൽ മൊബൈൽ ഫോൺ ഉപയോഗം കർശനമായും നിരോധിച്ചിരിക്കുന്നു.

3. **കഥാപ്രസംഗം** – കഥാപ്രസംഗത്തിന് പശ്ചാത്തലസംഗീതം ഉപയോഗിക്കാം. പിന്നണിക്ക് പുറത്തുനിന്നുള്ള കലാകാരന്മാരെ ഉപയോഗിക്കാം.

4. **നാടോടി നൃത്തം** – തെരഞ്ഞെടുത്ത നാടൻ നൃത്തത്തിന് അനുയോജ്യമായ രൂപവും വേഷവിധാനവും ആയിരിക്കണം. ആഡംബരം കഴിവതും കുറയ്ക്കാം. നാടൻ വിഷയങ്ങൾ, നാടോടി പാരമ്പര്യങ്ങൾ ഇവ വിശദമാക്കുന്നതായിരിക്കണം. പിന്നണിക്ക് പാട്ടുകൾ റെക്കോർഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്.

5. **പദ്യപാരായണം** – അനുവദിച്ചിട്ടുള്ള സമയം 05 മിനിറ്റ്

6. **ലളിതഗാനം** – ലളിതഗാനത്തിന് സിനിമാഗാനങ്ങൾ അനുവദനീയമല്ല.

7. **മാപ്പിളപ്പാട്ട്** – മാപ്പിളപ്പാട്ടിൽ ആൽബം പാട്ടുകൾ പാടില്ല.

8. **തിരുവാതിരക്കളി** – തിരുവാതിരക്കളിക്ക് പിൻപാട്ട് അനുവദനീയമാണ്. പിന്നണിയിൽ കുട്ടികൾ മാത്രമേ പാടുള്ളൂ. അതിന് രണ്ടു പേരെ മത്സരത്തിൽ പങ്കെടുപ്പിക്കാം. മറ്റു കുട്ടികൾ പാടി കളിക്കണം.

9. **ഒപ്പന** – ഒപ്പനയ്ക്ക് പക്കമേളമോ പിന്നണിയോ പാടില്ല. മുൻ പാട്ടുകാരികൾ നിർബന്ധമാണ്. പിൻപാട്ടും വേണം. മറ്റുള്ളവർ ഏറ്റുപാടണം. പാട്ടും താളത്തിനൊത്ത കൈയ്യടിയുമാണ് മുഖ്യഘടകം. വൃത്തമല്ലാത്ത രൂപത്തിൽ ചാഞ്ഞും ചരിഞ്ഞും കൈയ്യടിയും ചുറ്റിക്കളിയും ആകാം. മത്സരത്തിൽ പങ്കെടുക്കുന്ന 10 പേരും സ്റ്റേജിൽ അണിനിരക്കണം. 06 പേർ കളിക്കുകയും 03 പേർ പാടുകയും വേണം. ഒരു മണവാട്ടിയും വേണം. കളിക്കുന്നവർ തന്നെ പാടി അവതരിപ്പിക്കണം.

10. **മോണോ ആക്ട്** – ഒരേ വ്യക്തി തന്നെ രണ്ടോ അതിലധികമോ കഥാപാത്രങ്ങളുടെ ഭാഗം അഭിനയിക്കുന്നതാണ് മോണോ ആക്ട്. ശബ്ദാനുകരണം മാത്രം ആയിരിക്കരുത് മോണോ ആക്ട്. കാലിക പ്രധാനവും ഹാസ്യ പ്രമേയവും ആയിരിക്കണം പ്രമേയം.

11. **മിമിക്രി** – ശബ്ദാനുകരണ കലയാണ് മിമിക്രി. ഒരാൾ മാത്രമേ പങ്കെടുക്കുവാൻ അനുവദിക്കുകയുള്ളൂ.

12. **ഫാൻസി ഡ്രസ്സ്** – 1 മിനിറ്റ് സമയമാണ് അനുവദിച്ചിട്ടുള്ളത്.

13. **സംഘഗാനം** – സംഘഗാനങ്ങൾക്ക് സിനിമാഗാനം അനുവദനീയമല്ല. സംഘ ഗാനങ്ങൾക്ക് വാദ്യോപകരണങ്ങൾ വായിക്കുന്നത് മത്സരത്തിൽ പങ്കെടുക്കുന്നവർ തന്നെ ആയിരിക്കണം. വേദിയിൽ മൊബൈൽ ഫോണോ, റെക്കോർഡ് ചെയ്ത ശബ്ദങ്ങളോ അനുവദനീയമല്ല. വാദ്യോപകരണങ്ങൾ വായിക്കുന്നവർ ഉൾപ്പെടെ പങ്കെടുക്കുന്നവരുടെ പരമാവധി എണ്ണം 7 ആയിരിക്കും.

14. **സംഘനൃത്തം** – സംഘനൃത്തത്തിന് റെക്കോർഡ് ചെയ്ത പാട്ടുകൾ ഉപയോഗിക്കാവുന്ന താണ്.

15. **മൈം** – പരമാവധി 07 പേർക്ക് പങ്കെടുക്കാം. ഒന്നുകിൽ ആൺകുട്ടികൾ മാത്രവും അല്ലെങ്കിൽ പെൺകുട്ടികൾ മാത്രവുമേ ആകാവൂ.

16. **നാടൻ പാട്ട്** – നാടൻ വിഷയങ്ങൾ ആസ്പദമാക്കിയുള്ളതായിരിക്കണം പാട്ടുകൾ. പാടുന്നതിനും വാദ്യോപകരണങ്ങൾ വായിക്കുന്നതിനുമായി ആകെ 10 പേർക്ക് പങ്കെടുക്കാം.

17. **ക്വിസ്** – ഓരോ സ്ഥാപനത്തിൽ നിന്നും 02 പേരടങ്ങുന്ന ഒരു ടീമിന് പങ്കെടുക്കാം.